ഉത്തരം

(എ) മിനുട്സിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ബി) പ്രസ്തുത യോഗത്തിൽ പദ്ധതിയെപ്പറ്റിയുള്ള ആശയവിനിമയവും രാഷ്ട്രീയ കക്ഷി പ്രതിനിധികൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി സർക്കാർ നൽകുകയുണ്ടായെങ്കിലും പദ്ധതിയുടെ ടെണ്ടറിനെ സംബന്ധിച്ച് ഒരു സമവായത്തിൽ യോഗം എത്തിയില്ല. ടെണ്ടറുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതാധികാര സമിതിയുടെ മിനിറ്റ്സ് പൂർണ്ണ രൂപത്തിലും അദാനി പോർട്ട് സമർപ്പിച്ച ബിഡ് ഡോക്യുമെന്റും പ്രസിദ്ധപ്പെടുത്തണമെന്ന് യോഗത്തിൽ ആവശ്യമുയർന്നിട്ടുണ്ടായിരുന്നു. ഇവയുടെ പകർപ്പുകളും കൂടാതെ Manual of Specifications & Standards (MSS ഉം Basic Engineering Report-ഉം പദ്ധതിയുടെ വെബ്സൈറ്റിൽ (www.vizhinjamport.in) സർവ്വകക്ഷിയോഗത്തിനു ശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ ടെണ്ടറിനുവേണ്ടി പ്രസിദ്ധീകരിച്ചിട്ടുള്ള Request for Proposal (RFP)-ൽ പറഞ്ഞിട്ടുള്ള Confidentiality Clause 2.18 പ്രകാരമുള്ള രേഖകൾ പ്രസിദ്ധീകരിക്കുവാൻ നിർവ്വാഹമില്ല എന്നാണ് മുഖ്യമന്ത്രി അറിയിച്ചത്. സർവ്വകക്ഷി യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നിയമ ഉപദേശകരായ HSA Advocatesന്റെ ഉപദേശപ്രകാരം ടെണ്ടറുമായി ബന്ധപ്പെട്ട എല്ലാ ഡോക്യുമെന്റുകളും വെബ്സൈറ്റിൽ (www.vizhinjamport.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കർമ്മ പദ്ധതി

63 (1767) ശ്രീ. ആർ. സെൽവരാജ്:
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും അവയ്ക്ക് പരിഹാരം കാണുവാനും ഈ സർക്കാർ എന്തു കർമ്മ പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത കർമ്മ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിപാടികൾ നടപ്പാക്കുകയുണ്ടായി ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പരിപാടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത പരിപാടികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും മാറ്റുന്നതിനും ജനങ്ങൾക്കുണ്ടാകുന്ന വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്നറിയിക്കുമോ ?

ഉത്തരം

(എ) ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും പരിഹാരം കാണുവാനും വേണ്ടി 2011, 2013 വർഷങ്ങളിലും കൂടാതെ ഈ വർഷത്തിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണത്തിലും 'മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി' എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സാധാരണ ജനങ്ങളുടെ പല പ്രശ്നങ്ങളും നേരിട്ട് മനസ്സിലാക്കുകയും അവ പരിഹരിക്കാൻ നിലവിലുള്ള ചില നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ തരത്തിലുള്ള ക്ഷേമ പെൻഷനുകൾ, ചികിത്സാ സഹായങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി തുടങ്ങി പല കർമ്മ പദ്ധതികളും നടപ്പിലാക്കിയിട്ടുമുണ്ട്.

(സി) ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ നിലവിലുള്ള പല നിയമങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 45 പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സർവീസ് പെൻഷൻകാരുടെ ഇൻഷ്വറൻസ് സ്കീമുകൾ

64 (1768) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സർവ്വീസ് പെൻഷൻകാരുടെ ഇൻഷ്വറൻസ് സ്കീമുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൽ പങ്കാളികളായ എത്ര പേർക്ക് ഇതുവരെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly